**'ഭരണഭാഷ മാതൃഭാഷ'**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം – 695 033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ : ecostatdir@gmail.com
Website : www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : ശ്രീകുമാർ ബി.)**

വിഷയം :- ഡിഇഎസ് – വിജിലൻസ് വിഭാഗം - ശ്രീമതി ബിനിരാജ് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് - അച്ചടക്കനടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-

1. 03/07/2012 ലെ സ.ഉ (സാധാ)260/2012/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. ഈ ഓഫീസിലെ 21/08/2017 ലെ ഇ.എ(4)/19783/ 2017/ഡിഇഎസ്- നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 18/03/2024 ലെ ഡിഇഎസ്/843/2023/ ഇഎ(4)നമ്പർ കത്ത്.
4. ഈ ഓഫീസിലെ 25/09/2024 ലെ ഇതേ നമ്പർ കുറ്റാരോപണ പത്രികയും കുറ്റപത്രവും.
5. ഈ ഓഫീസിലെ 22/10/2024 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. സർക്കുലർ. നം.83/2020/ധന തീയതി. 30/12/2020.

-

**ഉത്തരവ് നം: DES/3083/2024-VIG. തീയതി 29-11-2024**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയി ജോലി നോക്കി വരവെ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീമതി.ബിനിരാജ്- ന് ഇന്ത്യക്കുള്ളിൽ മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി 31/07/2012 മുതൽ അഞ്ചു വർഷത്തേക്ക് KSR Part-I, App. XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം 01/08/2017 മുതൽ അഞ്ചു വർഷത്തേക്ക് കൂടി ടി അവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. അനുവദിക്കപ്പെട്ട അവധികാലയളവ് 31/07/2022-ൽ അവസാനിച്ചിട്ടും ശ്രീമതി.ബിനിരാജ് തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ഉടൻതന്നെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും, അല്ലാത്ത പക്ഷം അച്ചടക്ക നടപടി സ്വീകരിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന് അറിയിച്ച് പരാമർശം (3) പ്രകാരം ശ്രീമതി.ബിനിരാജിന് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് കൈപ്പറ്റിയിട്ടും ടിയാൾ മറുപടി നൽകുകയോ തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിരുന്നില്ല. അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (4) പ്രകാരം നൽകിയ കുറ്റപത്രവും, കുറ്റാരോപണ പത്രികയും ടിയാൾ കൈപ്പറ്റിയിരുന്നുവെങ്കിലും നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും എതിർവാദപത്രിക സമർപ്പിച്ചിരുന്നില്ല.

ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊണ്ടും, ടി തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കുന്നതിനും പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയത് കൈപ്പറ്റിയെങ്കിലും നാളിതുവരെ ശ്രീമതി.ബിനിരാജിൽ നിന്നും മറുപടി ലഭിക്കുകയോ, ഈ ഓഫീസുമായി ബന്ധപ്പെടുകയോ, ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ശ്രീമതി.ബിനിരാജ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I-നെ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ്-ലെ റൂൾ 11 (vii) പ്രകാരവും, കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A ചട്ടം 9 പ്രകാരവും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി എടുത്തിരുന്ന തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 01/08/2022 പൂർവ്വാഹം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Sreekumar B
DIRECTOR
Date: 29-11-2024 14:49:28

ശ്രീമതി.ബിനിരാജ്,
മേലക്കൽ വീട്, പ്ലക്കാട്,
ആദിച്ചനല്ലൂർ, കൊല്ലം - 691573

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ.
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ജീവനക്കാര്യ വിഭാഗം / ഗ്രഡേഷൻ
4. ഫയൽ, കരുതൽ ഫയൽ